പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3297 — 09/04/2013 - ൽ മറുപടിയ്ക്ക്

## സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് അപകട ഇൻഷ്വറൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്കായി അപകട ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ; | (എ) സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്കായി അപകട ഇൻഷ്വറൻസ് പദ്ധതികൾ നിലവിലുണ്ട്. |
| (ബി) എങ്കിൽ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ; | (ബി) 1989 ൽ ആരംഭിച്ച സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി പൊതുമേഖല ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ നടപ്പിൽ വരുത്തി. എന്നാൽ 2003 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടു നടത്തി വന്നിരുന്ന പ്രസ്തുത പദ്ധതി സർക്കാർ എയ്ഡഡ് മേഖലയിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന സ്കൂൾ കുട്ടികൾക്കും ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ടെക്നിക്കൽ ഹൈസ്കൂൾ എന്നീ വിഭാഗ |

| | | | |
|---|---|---|---|
| | | | ങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ ഇൻഷ്വറൻസ് പരിരക്ഷ നല്കുന്നുണ്ട്. 10/01/2013 ലെ സ.ഉ. (എം.എസ്) 8/2013/പൊവിവ. പ്രകാരം പുതുക്കിയ പാറ്റേൺ അനുസരിച്ച് ഡെത്ത് ക്ലെയിം തുക 10,000/- രൂപയിൽ നിന്നും 50,000/- രൂപയായും ഇൻജ്വറി തുക 10,000/- രൂപയായും ഉയർത്തി കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. കോളേജുകളിലെ ഓരോ വിദ്യാർത്ഥിയിൽ നിന്നും 25 രൂപ വീതം ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇനത്തിൽ പിരിച്ച് ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ഇൻഷ്വറൻസ് ക്ലെയിമുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീർപ്പാക്കുന്നത് അതാത് യൂണിവേഴ്സിറ്റികളാണ്. |
| (സി) | ഇല്ലെങ്കിൽ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനം കൈക്കൊള്ളുമോ? | (സി) | ബാധകമല്ല. |

Sreedevi

സെക്ഷൻ ഓഫീസർ